പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 402 **13-10-2026-ൽ മറുപടിയ്ക്ക്**

തളിപ്പറമ്പ് മണ്ഡലത്തിലെ ട്രാഫിക് പരിഷ്കരണവും റോഡ് സുരക്ഷയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തളിപ്പറമ്പ് ടൗണിലും മണ്ഡലത്തിലെ പ്രധാന ദേശീയപാത/സംസ്ഥാനപാത/മറ്റു റോഡുകൾ എന്നിവിടങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും അപകടങ്ങൾ കുറയ്ക്കാനും പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

മറുപടി: തളിപ്പറമ്പ് പൊലീസ് സ്റ്റേഷൻ പരിധിയിൽ ധർമ്മശാല മുതൽ കൂപ്പം വരെയുള്ള ദേശീയപാതയിൽ തളിപ്പറമ്പ് ടൗണിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ, ദേശീയ പാതയുടെ വശങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്യുവരുന്നുണ്ട്. കൂടാതെ ചിറവക്ക് ജംഗ്ഷനിൽ ട്രാഫിക് നിയന്ത്രണത്തിനായി ഹോം ഗാർഡിനെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ പൊലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പ്രത്യേക നടപടികൾ സ്വീകരിച്ചു വരുന്നില്ല.

(ബി) തളിപ്പറമ്പ് ടൗൺ കേന്ദ്രീകരിച്ച് ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ, ജംഗ്ഷൻ വികസനം, പാർക്കിംഗ് നിയന്ത്രണങ്ങൾ എന്നിവ നടപ്പിലാക്കാൻ പ്രത്യേക ട്രാഫിക് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: തളിപ്പറമ്പ് ടൗൺ കേന്ദ്രീകരിച്ച് ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ, ജംഗ്ഷൻ വികസനം, പാർക്കിംഗ് നിയന്ത്രണങ്ങൾ എന്നിവ നടപ്പിലാക്കാൻ പ്രത്യേക ട്രാഫിക് മാനേജ്മെന്റ് പ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല.

(സി) തളിപ്പറമ്പ് മണ്ഡലത്തിലെ പ്രധാന ജംഗ്ഷനുകളിലും അതിർത്തി പ്രദേശങ്ങളിലും കുറ്റകൃത്യങ്ങൾ തടയുന്നതിനും ഗതാഗത നിരീക്ഷണത്തിനുമായി സി.സി.ടി.വി/സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: തളിപ്പറമ്പ് മണ്ഡലത്തിലെ തളിപ്പറമ്പ് പൊലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്രധാന ജംഗ്ഷനുകളിലും അതിർത്തി പ്രദേശങ്ങളിലും കുറ്റകൃത്യങ്ങൾ തടയുന്നതിനും നിരീക്ഷണത്തിനുമായി നിലവിലുള്ള സി.സി.ടി.വി/ സർവൈലൻസ് ക്യാമറകൾ നന്നാക്കുന്നതിനും, പുതിയ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

(ഡി) മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ സുരക്ഷ ശക്തമാക്കുന്നതിനായി കൂടുതൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനും സർവൈലൻസ് നെറ്റ്വർക്ക് ആധുനീകരിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: ഇല്ല

സെക്ഷൻ ഓഫീസർ